**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** — **08-02-2023 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം. ബി.മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ 3 കമ്മീഷനുകളെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയതു നടപ്പിലാക്കുന്നതി നായി 26.07.2022 ലെ സ.ഉ.(സാധാ) നം. 1158/2022/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സെൽ രൂപികരികരിച്ചിട്ടുണ്ട് .<br><br>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി വരുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. കരിക്കുലം പരിഷ്കാരം:-** 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചു. (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്).<br><br>**2.പുതുതലമുറ കോഴ്സുകൾ:-** സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലയിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് 05/11/2020-ലെ GO (Ms) No.389/2020/H.Edn. സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.<br><br>**3.** സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്‌ലേഷണൽ റിസേർച്ച് സെന്ററുകൾ, ഇന്റർനാഷണൽ / ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**4. മറ്റ് പ്രധാന പദ്ധതികൾ:**<br><br>കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ വികസനം (കാൽനെറ്റ്)<br><br>ഇ-ജേർണൽ കൺസോർഷ്യം.<br><br>ഡിജികോൾ<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി<br><br>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ ഉൾപ്പെടെ | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഗുണ നിലവാരം/ മറ്റു അടിസ്ഥാന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | ഉയർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നേരിട്ട് സർവ്വകലാശാലയിൽ അപേക്ഷകൾ ലഭിക്കുമ്പോൾ നിലവിലെ ചട്ടങ്ങൾ,സർവകലാശാല സ്റ്റാറ്റ്യൂട്ട് എന്നിവ പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപെടുത്തിയിട്ടുണ്ട് .പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ